27/09/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas


Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/09/2025

1. കോഴാ ജില്ലാ കൃഷിത്തോട്ടം, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രം എന്നിവിടങ്ങളിലെ സവിശേഷതകളും, നേട്ടങ്ങളും, സാധ്യതകളും ഏവരും മനസിലാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതാരവം 2025 എന്ന പേരിൽ കോഴാ ഫാംഫെസ്റ്റ് ഇന്നു (സെപ്റ്റംബർ 27) മുതൽ 30 വരെ സംഘടിപ്പിക്കുന്നു. കാർഷികാനുബന്ധ പ്രദർശന വിപണന സ്റ്റാളുകൾ, സാംസ്കാരിക ഘോഷയാത്ര, സമ്മേളനം, സൗഹൃദ സംഗമങ്ങൾ, ഭക്ഷ്യമേള, കലാസന്ധ്യ, നെൽകൃഷിയിലെ അനുഭവപരിചയം, പെറ്റ് ഷോ, അക്വേറിയം, ഫൺ ഗയിംസ്, ലക്കി ഡ്രോ, സെൽഫി പോയിന്റുകൾ തുടങ്ങിയവ സന്ദർശകർക്കായി ഫെസ്റ്റിൽ സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്കും, വിദ്യാർത്ഥികൾക്കും ഉള്ള കിസ്, നാടൻപാട്ട്, ഉപന്യാസരചന, പെൻസിൽ ഡ്രോയിംഗ്, MUD GAMES, Mud Football, Mud Race തുടങ്ങിയ മത്സരങ്ങളും, നെൽകൃഷി, തെങ്ങ് കൃഷി, ശാസ്ത്രീയ പച്ചക്കറി കൃഷി എന്നീ വിഷയങ്ങളിലുള്ള സെമിനാറുകൾ, കുട്ടി കർഷകരുടെ സംഗമം, രുചിക്കൂട്ട് സംഗമം, ഫാം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൊഴിലാളി – ജീവനക്കാരുടെ സംഗമം, കലാവിരുന്നുകൾ മുതലായ വൈവിധ്യമാർന്ന പരിപാടികളും ഇതോടനുബന്ധിച്ച് നടത്തപ്പെടുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും – കോട്ടയം ജില്ലാ പഞ്ചായത്തും സംയുക്തമായി നടത്തുന്ന ഈ പരിപാടിയുടെ ഉദ്ഘാടനം സെപ്റ്റംബർ 27 ന് സഹകരണ രജിസ്ട്രേഷൻ –ദേവസ്വം – തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ നിർവഹിക്കുന്നു. സമാപന സമ്മേളനം സെപ്റ്റംബർ 30 ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു .

2. തരിശുരഹിത നെൽപ്പാടം പദ്ധതിയുടെ ഭാഗമായി വർക്കല ഇലകമൺ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ്റെ പരിധിയിലുള്ള തരിശുനിലങ്ങളിൽ കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ ഇലകമൺ കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം. മറ്റുള്ളവരെക്കൊണ്ട് കൃഷി ചെയ്യിക്കാൻ താല്പര്യമുള്ള തരിശുനിലങ്ങളുടെ ഉടമകൾക്കും പ്രസ്തുത പദ്ധതി പ്രകാരം ഒക്ടോബർ 30 വരെ കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് ഇലകമൺ കൃഷി ഓഫീസർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. ആനിമൽ ഹസ്ബൻഡ്രി ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെൻ്റ് ഫണ്ട് –AHIDF ഉപയോഗിച്ച് ഡയറി, കോഴി, മാംസ സംസ്കരണ യൂണിറ്റുകൾ, സാങ്കേതിക സഹായത്തോടെയുള്ള ബ്രീഡ് ഇംപ്രൂവ്മെന്റ് ഫാമുകൾ, "മൃഗങ്ങളുടെ മാലിന്യം സമ്പത്തിലേക്ക്" അല്ലെങ്കിൽ "വെറ്ററിനറി വാക്സിൻ/മരുന്ന് നിർമ്മാണ യൂണിറ്റുകൾ" എന്നിവ സ്ഥാപിക്കുന്നതിനോ നവീകരിക്കുന്നതിനോ ഉള്ള യോഗ്യതയുള്ള ടേം ലോണിന് പരിധിയില്ലാതെ 3% പലിശ സബ്‌വെൻഷൻ, 2 വർഷത്തെ തിരിച്ചടവ് മൊറട്ടോറിയം എന്നിവ നേടുക.

## പരിശീലന പരിപാടി

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 30 ന് **പാലും പാലുത്പന്നങ്ങളും** എന്ന വിഷയത്തിൽ, പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

5. സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ **ആട് വളർത്തൽ** പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 7 ന് രാവിലെ 10 മുതൽ 5 വരെ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താത്പര്യമുള്ളവർ ഒക്ടോബർ നാലിനകം 04936 297084 മുഖേന മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

6. <u>കാർഷിക നിർദേശം</u>

1.നെല്ലിൽ കാണുന്ന ബ്ലാസ്റ്റ് രോഗത്തെ പ്രതിരോധിക്കാനായി 1.5 മില്ലി ഫ്യൂജിയോൺ 1 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. അല്ലെങ്കിൽ ഒരു മില്ലി ഐസോപ്രൊതയോലേൻ 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ 4 ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകോണാസോൾ 10 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക.

2.വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ ഒരു മി.ലി ഹെക്സകൊണസോൾ അല്ലെങ്കിൽ ഒരു മി.ലി പ്രൊപികൊണസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയക്കവിധം കുളിർക്കെതളിക്കുക.